# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2909 **02.04.2013ൽ** മറുപടിക്ക്

## മൊബൈൽ മാവേലി സ്റ്റോറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
| (എ) മൊബൈൽ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) സ്ഥിരമായി മാവേലി സ്റ്റോറുകൾ പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്ത തീരപ്രദേശങ്ങൾ മലയോര പ്രദേശങ്ങൾ, ആദിവാസി മേഖലകൾ എന്നിവിടങ്ങളിലാണ് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. |
| (ബി) വയനാട് ജില്ലയിലെ ആദിവാസി പിന്നോക്ക പ്രദേശങ്ങളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) വയനാട് ജില്ലയിൽ വങ്ങപ്പിള്ളി, വൻപാറ, കറ്റിയാം വയൽ, കാപ്പിക്കളം, വാഴവെറ്റ, ചുഴലി, ഓടത്തോട്, കുന്നുംപറ്റ പെരുതോട്ട, നടുപ്പാറ എന്നീ ആദിവാസി പിന്നോക്ക പ്രദേശങ്ങളിൽ നിലവിൽ മൊബൈൽ മാവേലി സ്റ്റോറിന്റെ സേവനം ലഭ്യമാണ്. |
| (സി) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ആദിവാസി പ്രദേശങ്ങളിൽ മൊബൈൽ മാവേലി സ്റ്റോറിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) വാഹനവും മറ്റു അനുബന്ധ ചെലവുകൾക്കുമുള്ള ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ